പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 36 — 18.03.2013 - ലെ മറുപടിക്ക്

## പി.എസ്.സി. വഴിയുള്ള നിയമനങ്ങളിൽ 5 % വെയിറ്റേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) പി.എസ്.സി. വഴിയുള്ള നിയമനങ്ങളിൽ ഗ്രൂപ്പ് സി, ഡി തസ്തികകളിൽ അതാത് ജില്ലക്കാർക്ക് 5% വെയിറ്റേജ് മാർക്ക് നൽകുന്ന സമ്പ്രദായം കേരള ഹൈക്കോടതി റദ്ദ് ചെയ്തിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത വിധിക്കെതിരെ സുപ്രീം കോടതിയിൽ സർക്കാർ അപ്പീൽ നൽകിയിട്ടുണ്ടോ; | (ബി) യും (സി) യും<br>ജില്ലാതല നിയമനങ്ങളിൽ അതാത് ജില്ലകളിലുള്ള ഉദ്യോഗാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നതിനുള്ള വ്യവസ്ഥ റദ്ദാക്കിയ ഹൈക്കോടതി വിധിക്കെതിരെ പി.എസ്.സി. അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന് അപ്പീൽ ഫയൽ ചെയ്യാനാകുമോ എന്ന കാര്യം പരിശോധിക്കാൻ അഡ്വ. ജനറലിനോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) ഇല്ലെങ്കിൽ ഹൈക്കോടതി തീരുമാനത്തിനെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ എന്നു വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ